## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1946** | **11.02.2020-ൽ മറുപടിക്ക്**

<u>ആശ്രിത നിയമനം</u>

**ചോദ്യം** | **ഉത്തരം**

ശ്രീ. മോൻസ് ജോസഫ്

**പിണറായി വിജയൻ**
**മുഖ്യമന്ത്രി**

| | | | |
|---|---|---|---|
| (എ) | ആശ്രിത നിയമനം കിട്ടിയാൽ ആശ്രിതരെ നോക്കണം എന്ന സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കുമോ; | (എ) | ഉണ്ട്. ഇത് സംബന്ധിച്ച ഉത്തരവുകളുടെ( 21.02.2018 ലെ സ.ഉ.(കൈ) നം. 5/2018/ഉഭപവ, 05.07.2019 ലെ സ.ഉ.(കൈ) നം 8/2019/ഉഭപവ) പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | സർക്കാർ ജോലി ലഭിച്ചാൽ കുടുംബാംഗങ്ങളെ സംരക്ഷിക്കാമെന്ന സത്യവാങ്മൂലം നൽകണമെന്ന സർക്കാർ ഉത്തരവിന് മുൻകാല പ്രാബല്യമുണ്ടോ; മുൻകാലങ്ങളിൽ ജോലി ലഭിച്ചവരുടെ കാര്യത്തിൽ എന്തു തീരുമാനമാണ് സർക്കാർ എടുത്തിരിക്കുന്നത് എന്നറിയിക്കാമോ? | (ബി) | ഇല്ല. ടി വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

**കേരള സർക്കാർ**

**സംഗ്രഹം**

ജീവനക്കാര്യം-സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള നിയമനത്തിനുള്ള അപേക്ഷയോടൊപ്പം സംരക്ഷണ സമ്മതമൊഴി കൂടി ബാധകമാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശ-സി) വകുപ്പ്

സ.ഉ (കൈയെഴുത്ത്) നം.5/2018/ഉ.ഭ.പ.വ. തിരുവനന്തപുരം, തീയതി :21.02.2018.

---

പരാമർശം:-1. 24.05.1999 ലെ സ.ഉ(പി) നം. 12/99/പി&എആർഡി

2.ആലപ്പുഴ ജില്ലാകളക്ടറുടെ 3.11.2017 ലെ എ 7-1300/2017 നമ്പർ കത്ത്.

### <u>ഉത്തരവ്</u>

സംസ്ഥാന സർക്കാർ സർവ്വീസിൽ ജോലി ചെയ്യു വരവെ മരണമടയുന്ന സർക്കാർ ജീവനക്കാരുടെ ആശ്രിതർക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള നിയമനം നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശം പരാമർശം(1) പ്രകാരം പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിൽ കാലാനുസൃതമായി ചില ഭേദഗതികളും വരുത്തിയിട്ടുണ്ട്.

2. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം മക്കൾക്കു നിയമനം ലഭിക്കുന്നതിനെത്തുടർന്ന് മാതാവ്/പിതാവ് അനാഥത്വത്തിലാകുന്നതും, അശരണരാകുന്നതും, മക്കളിൽ നിന്ന് സംരക്ഷണം ലഭിക്കാതെ ജീവിതാവശ്യങ്ങൾക്ക് നന്നേ ബുദ്ധിമുട്ട് അനുഭവിക്കുന്നതായും കണ്ടുവരുന്നുവെന്നും, ആനുകാലികജീവിതത്തിൽ വരുന്ന മാറ്റങ്ങളിൽ മക്കൾ അച്ഛനമ്മമാരുടെ സംരക്ഷണങ്ങളിൽ നിന്ന് ഒഴിഞ്ഞുമാറുവാൻ ബോധപൂർവ്വമായ ശ്രമങ്ങൾ നടത്തുന്നതായും അവരെ ഒറ്റപ്പെടുന്ന അവസ്ഥയിലേയ്ക്ക് വിടുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും, ഈ സാഹചര്യങ്ങൾ കണക്കിലെടുത്ത് മാതാവിന്റെ/പിതാവിന്റെ മരണത്തെത്തുടർന്ന് ആശ്രിത നിയമനം മക്കൾക്കു ലഭിക്കുന്ന സാഹചര്യത്തിൽ അപേക്ഷകരിൽ നിന്നും മാതൃ/പിതൃ സംരക്ഷണ സമ്മതമൊഴി കൂടി ആശ്രിത നിയമനത്തിനുള്ള അപേക്ഷയോടൊപ്പം ഉൾപ്പെടുത്താവുന്നതാണോ എന്നതു സംബന്ധിച്ച വിഷയത്തിൽ സൂചന 2 പ്രകാരം ജില്ലാ കളക്ടർ സ്പഷ്ടീകരണം ആവശ്യപ്പെട്ടിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സമാശ്വാസതൊഴിൽദാന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്ന ആശ്രിതർ മരണമടഞ്ഞ ജീവനക്കാരന്റെ മറ്റ് ആശ്രിതരെ സംരക്ഷിക്കുന്നതിൽ വീഴ്ചവരുത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിനാൽ മരണമടഞ്ഞ ജീവനക്കാരന്റെ അച്ഛൻ/അമ്മ ഒഴികെയുള്ളവർ ആശ്രിത നിയമനത്തിനായി അപേക്ഷിക്കുകയാണെങ്കിൽ ജീവനക്കാരന്റെ മാതാവ്/പിതാവ്/വിധവ/വിഭാര്യൻ എന്നിവരെ ജീവിതകാലം മുഴുവനും സംരക്ഷിക്കുന്നതാണെന്നും, അവിവാഹിതയായ സഹോദരി /അവിവാഹിതനായ സഹോദരൻ എന്നിവരെ പ്രായപൂർത്തിയാകുന്നതുവരെ സംരക്ഷിക്കുന്നതാണെന്നും വ്യക്തമാക്കുന്ന സംരക്ഷണ സമ്മതമൊഴി കൂടി അപേക്ഷയോടൊപ്പം സമർപ്പിക്കുന്നത് സാമൂഹ്യസുരക്ഷയെ ശക്തിപ്പെടുത്തുമെന്നും,, സമാശ്വാസതൊഴിൽദാന പദ്ധതിയുടെ ലക്ഷ്യങ്ങൾക്ക് അനുഗുണമായിരിക്കുമെന്നും സർക്കാർ കാണുന്നു.

4. ഈ സാഹചര്യത്തിൽ മരണമടഞ്ഞ ജീവനക്കാരന്റെ അച്ഛൻ/അമ്മ ഒഴികെയുള്ളവർ ആശ്രിത നിയമനത്തിനായി അപേക്ഷിക്കുകയാണെങ്കിൽ ജീവനക്കാരന്റെ മാതാവ്/പിതാവ്/വിധവ/വിഭാര്യൻ എന്നിവരെ ജീവിതകാലം മുഴുവനും സംരക്ഷിക്കുന്നതാണെന്നും, അവിവാഹിതയായ സഹോദരി /അവിവാഹിതനായ സഹോദരൻ എന്നിവരെ പ്രായപൂർത്തിയാകുന്നതുവരെ സംരക്ഷിക്കുന്നതാണെന്നുമുള്ള സമ്മതമൊഴി കൂടി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)

**ബിശ്വനാഥ് സിൻഹ**

**പ്രിൻസിപ്പൽ സെക്രട്ടറി**

പകർപ്പ്:- നിയമം, ധനകാര്യം, ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും, സെക്ഷനുകൾക്കും.

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, ഹൈക്കോടതി, കേരളം, എറണാകുളം. (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, കേരളായൂണിവേഴ്സിറ്റി/കൊച്ചി/കോഴിക്കോട്/കണ്ണൂർ. (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി, കോട്ടയം (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, കേരളാ അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി തൃശ്ശൂർ
/കേരളാ വെറ്റിനറി യൂണിവേഴ്സിറ്റി (ആമുഖ കത്ത് സഹിതം).
രജിസ്ട്രാർ, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി,
എറണാകുളം.(ആമുഖ കത്ത് സഹിതം).
സെക്രട്ടറി, നിയമസഭ സെക്രട്ടേറിയറ്റ് (ആമുഖ കത്ത് സഹിതം).
സെക്രട്ടറി, സംസ്ഥാന ഇലക്ഷൻ കമ്മീഷൻ, തിരുവനന്തപുരം
ജനറൽ മാനേജർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ,
തിരുവനന്തപുരം, (ആമുഖ കത്ത് സഹിതം).
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്
(വിപുലമായ പ്രചരണത്തിന്).
മുഖ്യ മന്ത്രിയുടെയും എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ഗവർണ്ണറുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
അഡ്വക്കേറ്റ് ജനറൽ, എറണാകുളം.
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്
കരുതൽഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

ജീവനക്കാര്യം - സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള നിയമനത്തിനുള്ള അപേക്ഷയോടൊപ്പം സംരക്ഷണ മൊഴി ബാധകമാക്കിക്കൊണ്ട് പുറപ്പെടുവിച്ച ഉത്തരവിൽ സ്പഷ്ടീകരണം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================================

## ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശ-സി) വകുപ്പ്

സ.ഉ (കൈയെഴുത്ത്) നം. 8/2019/ഉ.ഭ.പ.വ. തിരുവനന്തപുരം, തീയതി : 05.07.2019.

================================================================================

പരാമർശം:-1. 24.05.1999 ലെ സ.ഉ(പി) നം. 12/99/പി&എആർഡി

2. 21.02.2018 ലെ സ.ഉ(കൈ).നം.5/2018/ഉഭപവ

## ഉത്തരവ്

സംസ്ഥാന സർക്കാർ സർവ്വീസിൽ ജോലി ചെയ്തു വരവെ മരണമടയുന്ന സർക്കാർ ജീവനക്കാരുടെ ആശ്രിതർക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പരാമർശം(1) ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിരുന്നു.

2. മരണമടഞ്ഞ ജീവനക്കാരന്റെ അച്ഛൻ/അമ്മ ഒഴികെയുള്ളവർ ആശ്രിത നിയമനത്തിനായി അപേക്ഷിക്കുകയാണെങ്കിൽ ജീവനക്കാരന്റെ മാതാവ്/പിതാവ്/വിധവ/വിഭാര്യൻ എന്നിവരെ ജീവിതകാലം മുഴുവനും സംരക്ഷിക്കുന്നതാണെന്നും, അവിവാഹിതയായ സഹോദരി /അവിവാഹിതനായ സഹോദരൻ എന്നിവരെ പ്രായപൂർത്തിയാകുന്നതുവരെ സംരക്ഷിക്കുന്നതാണെന്നുമുള്ള സമ്മതമൊഴി കൂടി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണെന്ന് പരാമർശം (2) ഉത്തരവ് പ്രകാരവും വ്യവസ്ഥ ചെയ്തിരുന്നു.

3. എന്നാൽ സംരക്ഷണമൊഴി ബാധകമാക്കിക്കൊണ്ട് പുറപ്പെടുവിച്ച ഉത്തരവിന് മുൻകാല പ്രാബല്യം നൽകിയിരുന്നില്ല. ആകയാൽ ടി ഉത്തരവ് നിലവിൽ വരുന്നതിന് മുൻപ് സമാശ്വാസ തൊഴിൽദാന പദ്ധതിപ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുള്ള

കേസുകളിൽ സംരക്ഷണമൊഴി സമർപ്പിക്കുന്നത് സംബന്ധിച്ച വിഷയത്തിൽ സ്പഷ്ടീകരണം നൽകണമെന്ന് വിവിധ ഭരണ വകുപ്പുകൾ ആവശ്യപ്പെട്ടിട്ടുണ്ട്.

4. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സംരക്ഷണ സമ്മതമൊഴി സമർപ്പിക്കുന്നത് സംബന്ധിച്ച് താഴെ പറയുന്ന വ്യവസ്ഥകൾകൂടി ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. നിലവിൽ ആശ്രിത നിയമനത്തിന് അനുമതി നൽകികൊണ്ട് സർക്കാർ ഉത്തരവ് ലഭിച്ചവരിൽ നാളിതുവരെ പരാമർശം (2) ഉത്തരവ് പ്രകാരമുള്ള സംരക്ഷണ സമ്മതമൊഴി സമർപ്പിച്ചിട്ടില്ലാത്തവർ, സർവ്വീസിൽ പ്രവേശിക്കുന്ന സമയത്ത് ഓഫീസ് മേധാവി മുൻപാകെ സംരക്ഷണ സമ്മതമൊഴി സമർപ്പിക്കേണ്ടതും ആയതിന്റെ പകർപ്പ് നിയമനാധികാരി മുഖേന സർക്കാരിലേക്ക് ലഭ്യമാക്കേണ്ടതുമാണ്.
2. പരാമർശം (2) ഉത്തരവ് നിലവിൽ വരുന്നതിന് മുമ്പ് ആശ്രിത നിയമനത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ളവരുടെ സീനിയോറിറ്റി നേരത്തെ സമർപ്പിച്ചിട്ടുള്ള സാധുവായ അപേക്ഷയുടെ തീയതി കണക്കാക്കി തന്നെ നിശ്ചയിക്കേണ്ടതും ടി അപേക്ഷകരിൽ നിന്നും നിയമനാധികാരി അടിയന്തരമായി സംരക്ഷണ സമ്മതമൊഴി ലഭ്യമാക്കി സർക്കാരിൽ സമർപ്പിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)
**കെ.ഗോപാലകൃഷ്ണ ഭട്ട്**
**സെക്രട്ടറി**

പകർപ്പ്:- നിയമം, ധനകാര്യം, ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ
വകുപ്പുകൾക്കും, സെക്ഷനുകൾക്കും.
അക്കൗണ്ടന്റ് ജനറൽ (എ&ഇ)കേരളം, തിരുവനന്തപുരം
(ആമുഖ കത്ത് സഹിതം).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)കേരളം, തിരുവനന്തപുരം
(ആമുഖ കത്ത് സഹിതം).
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം).
രജിസ്ട്രാർ, ഹൈക്കോടതി, കേരളം, എറണാകുളം. (ആമുഖ കത്ത് സഹിതം).
രജിസ്ട്രാർ, കേരളാ/മഹാത്മാഗാന്ധി /കൊച്ചി/കോഴിക്കോട്/
കണ്ണൂർ യൂണിവേഴ്സിറ്റി.(ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, കേരളാ അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി തൃശ്ശൂർ /കേരളാ വെറ്റിനറി യൂണിവേഴ്സിറ്റി /ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല കാലടി, (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, നിയമസഭ സെക്രട്ടേറിയറ്റ് (ആമുഖ കത്ത് സഹിതം).

അഡ്വക്കേറ്റ് ജനറൽ, എറണാകുളം.

ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (വിപുലമായ പ്രചരണത്തിന്)

വെബ് & ന്യൂ മീഡിയ (സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

നോഡൽ ഓഫീസർ, P&ARD (P&ARD യുടെ www.pard.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ